## 1986-ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബില്ലിനെ പ്പറ്റിയുള്ള 6-ാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, മുഖ്യമന്ത്രിയും ആറാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ 1986-ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണ നിർവ്വഹണം ഏറ്റെടുക്കൽ) ഭേദഗതി ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

# VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## (1) റിപ്പോർട്ടുപരിഗണന

### അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 26-ാമതു റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. തോമസ് : ഞാൻ ഇതിനെ പിന്താങ്ങുന്നു.

## (i) 1984-ലെ കേരള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

### (ചർച്ച തുടർച്ച)

ശ്രീ. എ. വി. താമരാക്ഷൻ : സർ, നമ്മുടെ സംസ്ഥാനത്തെ കെട്ടിട നിർമ്മാണ രംഗത്തും അതുപോലെ തന്നെ മറ്റ് പൊതുമരാമത്ത് രംഗത്തും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഉറപ്പുവരുത്തുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെടുന്ന ഈ സാഹചര്യത്തിലാണ് അനൗദ്യോഗിക ബില്ലുകളിലൂടെ ഇതിന് പരിഹാരം കാണുവാൻവേണ്ടി ശ്രമിച്ചത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു മേഖല ഈ നിർമ്മാണ രംഗമാണ്. കെട്ടിടങ്ങളുടെ നിർമ്മാണം, റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം (വലിയ ഡാമുകളടക്കമുള്ള), ഇന്ന്, സംസ്ഥാനത്തിന്റെ വികസനരംഗത്ത് കാണുന്ന എല്ലാത്തരം വികസനപ്രവർത്തനങ്ങളുടെയും പൂർത്തീകരണത്തിനുവേണ്ടി പണിയെടുക്കുന്ന ആ തൊഴിലാളികൾക്ക് ജോലി ചെയ്യാനുള്ള ആരോഗ്യസ്ഥിതി നഷ്ടപ്പെട്ടുകഴിഞ്ഞാൽ യാതൊരുവിധമായ ആനുകൂല്യങ്ങളും ലഭിക്കാതെ ഇന്ന് പുറംതള്ളപ്പെടുന്ന സ്ഥിതിയാണ് ഈ രംഗത്തുള്ളത്. ഇന്ന് ഈ സംസ്ഥാനത്ത് കാണുന്ന കെട്ടിടങ്ങളും പാലങ്ങളുമെല്ലാം തന്നെ തൊഴിലാളികളുടെ വിയർപ്പും ചോരയും കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. അങ്ങനെ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം യാതൊരു ക്ഷേമനിധിയുമില്ലാത്ത സാഹചര്യത്തിൽ ഈ തൊഴിലാളികൾക്ക് ക്ഷേമനിധി ഉറപ്പുവരുത്തണമെന്ന ലക്ഷ്യബോധ

LIBRARY ARCHIVES Kerala Legislative Assembly